# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

കേരളീയം, കൊക്കാലെ, തൃശൂർ-21, e-mail : mailkeraleeyam@gmail.com

## സലീംകുമാർ ഹജ്ജ് കർമ്മത്തിന് സഹായം ചെയതത് ശരിയാണോ?

നിരൂപണം വായിച്ചു. നിരീക്ഷണത്തോട് ഒരളവോളം യോജിക്കുകയും രാജ്യമാകെ (ചുരുങ്ങിയ പക്ഷം കേരളത്തിലെങ്കിലും) കൊണ്ടാടപ്പെടുന്ന ആദാമിന്റെ മകനെ കുറിച്ച് ഇങ്ങനെയൊരു നിരൂപണത്തിന് തന്റേടം കാണിച്ച നാരായണനെ അഭിനന്ദിക്കുകയും ചെയ്യുന്നു. നാരായണന്റെ നിരീക്ഷണത്തിൽ പ്രധാനമായും ഒരു തിരുത്തൽ വേണമെന്നുതോന്നുന്നു. ഒപ്പം ചില കൂട്ടിച്ചേർക്കലുകളും.

ഫാദർ ഡാമിയനും മദർ തെരേസക്കും മഹാത്മാഗാന്ധിക്കുമൊക്കെശേഷം ഒരു മഹാത്യാഗിയെ കണ്ട ചാരിതാർത്ഥ്യത്തോട നമ്മൾ തിയ്യേറ്ററിന് പുറത്തേക്കും എന്നത് ശരിയല്ല. നമ്മളിൽ ഒരു ചെറിയ ന്യൂനപക്ഷം എന്ന് തിരുത്തുന്നതായിരിക്കും ഉചിതം എന്നുതോന്നുന്നു. മറ്റൊന്നുകൂടി കൂട്ടിവായിക്കേണ്ടതുണ്ട്. മതനിയമങ്ങൾ ഉദ്ധരിച്ച് സഹായ വാഗ്ദാനങ്ങൾ നിഷേധിക്കുന്ന അബു - അബുവായി അഭിനയിച്ച സലീം കുമാർ - അവാർഡ് പ്രഖ്യാപനം കേട്ടതിന്റെ അർമാദത്തിനിടയിൽ തന്റെ സ്വന്തം പണംമുടക്കി മറ്റൊരാളെ ഹജ്ജ് കർമ്മത്തിന് പറഞ്ഞയക്കാൻ മന്ത്രി എം.കെ. മുനീറിനെ ചുമതലപ്പെടുത്തിയതിന്റെ സാംഗത്യം അബുവിനെ തന്നെ ഉദ്ധരിച്ച മതനിയമങ്ങൾക്ക് കടക വിരുദ്ധമല്ലെ?

സിനിമയിൽ നാലുതവണ ഹജ്ജ് ചെയ്ത് വന്ന് സസന്തോഷം ജീവിക്കുന്ന ഹാജ്യാർ കാർ ഡ്രൈവിംഗ് പരിശീലനത്തിനിടയിൽ എനിക്ക് എട്ടിടാനൊന്നും കഴിയില്ല, വേണമെങ്കിൽ എട്ടിന് പകരം മേലെയും താഴെയും രണ്ട് പൂജ്യം ഇടാമെന്ന് പറയുന്നുണ്ട്. കാർ ഡ്രൈവിംഗ് ടെസ്റ്റിന് എട്ട് ഇടേണ്ട ആവശ്യമില്ലെന്നും പകരം എച്ച് ആണ് ഇടേണ്ടതെന്നും തിരക്കഥാകൃത്തിന് അറിയാതെ പോയാലും സംവിധായകൻ അറിയാതെ പോകുന്നത് ശരിയാണോ?

**കെ. ആർ.സുകുമാരൻ, വളാഞ്ചേരി, മലപ്പുറം**




**2011 ജൂലായ് ലക്കം കേരളീയത്തിൽ പ്രസിദ്ധീകരിച്ച എസ്. ശങ്കരനാരായണന്റെ 'അബു, ബിൻലാദന്റെ മകൻ' എന്ന ചലച്ചിത്ര നിരൂപണത്തോടുള്ള പ്രതികരണങ്ങൾ**

## അബു ആദാമിന്റെ മകൻ തന്നെ

ജൂലൈ ലക്കം കേരളീയത്തിൽ വന്ന അബു ലാദന്റെ മകൻ എന്ന സിനിമാവിശകലനത്തിന് ഒരു വിയോജനക്കുറിപ്പാണ് ഇത്. മരിച്ചുപോയ ഒസാമ ബിൻലാദനെ ഇസ്ലാമിക തീവ്രവാദത്തിന്റെ പ്രതിനിധിയായിട്ടാണ് ലേഖകൻ കാണുന്നതെങ്കിൽ അബു ഒരു യാഥാസ്ഥിതിക മുസ്ലീമിന്റെ പ്രതിനിധിമാത്രമാണ് എന്നാണ് ഞാൻ കാണുന്നത്. ഇസ്ലാമിക സമൂഹത്തെ മുഴുവൻ തീവ്രവാദികളായി ചിത്രീകരിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ അങ്ങനെയല്ലാത്ത ഒരു മുസ്ലീം- അതാണ് എന്നെ സംബന്ധിച്ച് ആദാമിന്റെ മകനായ അബു. മത നിഷ്കർഷയിൽ കടുംപിടുത്തം പിടിക്കുന്ന അബു വിശുദ്ധ ഹജ്ജിനുവേണ്ടി രക്തബന്ധമില്ലാത്തവരുടെ സഹായം തിരസ്കരിക്കുന്നു. ഇതു ശരിയാണെന്ന് സംവിധായകൻ പറയുന്നില്ല. മറിച്ച് ചർച്ചകൾക്ക് വഴിയൊരുക്കുന്നു.


ഇത് നല്ലകാലമല്ല അത്ര മോശപ്പെട്ട കാലവുമല്ല എന്ന ഗാനത്തിന്റെ ചലച്ചിത്രാവിഷ്കാരമാണ് ആദാമിന്റെ മകൻ അബു. അതിന് തീവ്രവാദ പ്രതിനിധിയായ ബിൻലാദനെയും അബുവിനെയും വിമർശിക്കേണ്ടതില്ല. സ്വകാര്യ സംരംഭകരുടെ പരസ്യചിത്രമായി വിലയിരുത്തിയാലും നല്ല സിനിമകൾ സാക്ഷാൽ ലാദൻ തന്നെ സ്പോൺസർ ചെയ്താലും വിരോധമില്ല എന്നാണ് ഞാൻ കരുതുന്നത്.

ഇസ്ലാമിക വിമർശനം വേണമെങ്കിൽ വിമർശിക്കേണ്ടത് യാഥാർത്ഥ്യങ്ങളെ അംഗീകരിച്ചുകൊണ്ടാകണം. ആ യാഥാർത്ഥ്യം അവതരിപ്പിക്കുകമാത്രമാണ് അബു ചെയ്തിരിക്കുന്നത്. യാഥാസ്ഥിതികനായ ഒരു മുസ്ലീമിന് അബുവാകാനേ കഴിയൂ. ലാദനാവാൻ കഴിയില്ല എന്നതാണ് ചിത്രം പറയുന്നത്. അതുകൊണ്ട് അബു ആദാമിന്റെ മകൻ തന്നെ.

**സുബിദ്. കെ. എസ്, മലപ്പുറം**

---

അടുത്തലക്കം
കേരളീയം പ്രത്യേകപതിപ്പ്



## സാമൂഹികനീതിക്കായുള്ള മാധ്യമപ്രവർത്തനം

ശശികുമാർ, കെ.പി. സേതുനാഥ്, ഡോ. സി.എസ്. വെങ്കിടേശ്വരൻ, കെ.രാജഗോപാൽ, എൻ.പി. രാജേന്ദ്രൻ, ശ്യാം ബാലകൃഷ്ണൻ, ബി.ആർ.പി. ഭാസ്കർ, എം.പി. രാധാകൃഷ്ണൻ, സിവിക് ചന്ദ്രൻ, എൻ.കെ. ഭൂപേഷ്, വിനു എബ്രഹാം, ടി.വി. അച്യുതവാര്യർ, കെ.കെ. സുരേന്ദ്രൻ, അരുന്ധതി റോയ്, നോം ചോംസ്കി, ദീപ, എം.കെ. ഗാന്ധി, ടി.ജെ.എസ്. ജോർജ്ജ്, പി. സായിനാഥ്, ടി.പി. പത്മനാഭൻ, ഷാഹിന, പി.കെ. വേണുഗോപാൽ, ജി.ആർ. ഇന്ദുഗോപൻ, വി.കെ. ഷറഫുദ്ദീൻ, വി.ആർ. രാജ്മോഹൻ, നടരാജൻ ബോണക്കാട്...